**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2042** **29-09-2025 - ൽ മറുപടിയ്ക്ക്**

**കൊടകര ബ്ലോക്കിൽ വെറ്ററിനറി യൂണിറ്റ് ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | കൊടകര ബ്ലോക്ക് പഞ്ചായത്തിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ വെറ്ററിനറി യൂണിറ്റ് അനുവദിക്കുന്നതിനും മൊബൈൽ എ. ബി. സി. (അനിമൽ ബർത്ത് കൺട്രോൾ) യൂണിറ്റ് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | മൃഗസംരക്ഷണ മേഖലയിലെ ക്ഷീരകർഷകർക്കായി രാത്രികാലങ്ങളിൽ അടിയന്തര മൃഗചികിത്സാ സേവനം കർഷകരുടെ വീട്ടുപടിക്കൽ എത്തിച്ച് നൽകുന്നതിലേക്കായി 156 മൊബൈൽ വെറ്ററിനറി യൂണിറ്റുകളും 12 മൊബൈൽ സർജറി യൂണിറ്റുകളും ആരംഭിക്കുന്നതിന് സർക്കാർ അംഗീകാരം നൽകുകയും ആയതിന്റെ ആദ്യ ഘട്ടമെന്ന നിലയിൽ 76 മൊബൈൽ വെറ്ററിനറി യൂണിറ്റുകളും 12 മൊബൈൽ സർജറി യൂണിറ്റുകളും സംസ്ഥാനത്ത് ആരംഭിച്ച് പ്രവർത്തനസജ്ജമായിട്ടുമുണ്ട്. ശേഷിക്കുന്ന 80 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ കൂടി പ്രവർത്തനമാരംഭിക്കുന്ന മുറയ്ക്ക് കൊടകര ബ്ലോക്കിൽ ആയതിന്റെ സേവനം ലഭ്യമാകുന്നതാണ്.<br><br>മൃഗസംരക്ഷണ വകുപ്പിന്റെ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതത്തിൽ 2 കോടി രൂപ പോർട്ടബിൾ എ. ബി. സി പദ്ധതിയ്ക്കായി മാറ്റിവച്ചിട്ടുണ്ട്. ആയത് ഉപയോഗിച്ച് 7 പോർട്ടബിൾ എ.ബി.സി യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. തൃശ്ശൂർ ഉൾപ്പെടെ 7 ജില്ലകൾക്കാണ് അനുവദിച്ചിട്ടുള്ളത്. |
| (ബി) | ജില്ലയിൽ അനുവദിച്ചിട്ടുള്ള സർജറി യൂണിറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും എല്ലാ ബ്ലോക്കുകളിലും നിശ്ചിത ഇടവേളകളിൽ സർജറി സേവനം ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് നിലവിൽ എറണാകുളം, കണ്ണൂർ ജില്ലകൾ ഒഴികെയുള്ള ബാക്കി 12 ജില്ലകളിലും ജില്ലാ വെറ്ററിനറി കേന്ദ്രങ്ങൾ ആസ്ഥാനമാക്കി ഒരു ജില്ലയ്ക്ക് ഒരു മൊബൈൽ സർജറി യൂണിറ്റ് എന്ന രീതിയിൽ അനുവദിക്കുകയും വാഹന സൗകര്യം, മരുന്നുകൾ, ഇന്ധന ചെലവ് എന്നിവ നൽകുകയും കർഷകർ ആവശ്യപ്പെടുന്നതനുസരിച്ച് അവരുടെ മൃഗങ്ങൾക്ക് മൊബൈൽ സർജറി യൂണിറ്റുകൾ വഴി അടിയന്തിര ശസ്ത്രക്രിയകൾ നടത്തുകയും ചെയ്തുവരുന്നു. ആയതിലേക്കുള്ള എല്ലാ സൗകര്യങ്ങളും ഉദ്യോഗസ്ഥരുടെ സേവനവും രാവിലെ 10 മണി മുതൽ വൈകിട്ട് 5 മണി വരെ നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | ശസ്ത്രക്രിയകൾ നടത്താനുള്ള സൗകര്യമുള്ള ജില്ലയിലെ 6 ആങ്കറിംഗ് സ്ഥാപനങ്ങളിൽ തെരെഞ്ഞെടുത്ത സർജറികൾ ഷെഡ്യൂൾ ചെയ്യും. ഓപ്പറേഷൻ ടേബിൾ, OT ലാംപ്, തുടങ്ങിയ അടിസ്ഥാന സൗകര്യം ഉള്ള ഏതു മൃഗാശുപത്രി വേണമെങ്കിലും anchoring യൂണിറ്റ് ആയി തിരഞ്ഞെടുക്കാവുന്നതുമാണ്.<br><br>6 ആങ്കറിംഗ് സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതാണ് അഭികാമ്യമെങ്കിലും ജില്ലയിലെ പ്രത്യേകതൾക്കനുസൃതമായി ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് 6 മുതൽ പരമാവധി 10 ആശുപത്രികൾ വരെ Anchoring Institutions ആയി തെരഞ്ഞെടുക്കുവാനും പശുക്കൾക്ക് അടിയന്തിര ശസ്ത്രക്രിയയുടെ ആവശ്യം വന്നാൽ വെറ്ററിനറി ഓഫീസറുടെ നിർദേശാനുസരണം ആ ദിവസത്തെ Pre-booked സർജറികൾക്ക് കഴിയാവുന്നിടത്തോളം തടസ്സം ഉണ്ടാകാതെ, കർഷകന്റെ വീട്ടിൽ അടിയന്തര സർജറി സേവനം ലഭ്യമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ